Celebrating the
75 Glorious Years of
Christ's Ambassadors
Platinum Jubilee
Year - 2026



## MALAYALAM DISTRICT COUNCIL
OF THE SOUTH INDIA ASSEMBLIES OF GOD

# CHRIST'S AMBASSADORS CIRCULAR

## 2026-2027

CHRIST'S AMBASSADORS (C.A)
ASSEMBLIES OF GOD HEAD OFFICE
POST BOX NO. 53, PUNALUR
KOLLAM 691 305, KERALA
MOB: +91 9074879522
Web: https://ca.agmdc.in
email: agmdcca@gmail.com

Christ for All & All for Christ

MALAYALAM DISTRICT COUNCIL
OF THE SOUTH INDIA ASSEMBLIES OF GOD

# CHRIST'S AMBASSADORS

## DISTRICT CA COMMITTEE 2026-'28



CHAIRMAN
**REV. DR. T.J. SAMUEL**
SUPERINTENDENT AGMDC

**CHRIST FOR ALL & ALL FOR CHRIST**



PRESIDENT
**PR. SAM ROBINSON**
97444 80403



VICE PRESIDENT
**PR. VIJAYADAS C.**
99950 87881



SECRETARY
**PR. PAVEEN S. GEORGE**
62823 30186



JOINT SECRETARY
**PR. RIJUMON K. KORAH**
96331 69381



TREASURER
**PR. CIBIN MATHEW**
94964 78758



CHARITY CONVENER
**BR. JOSHIN VARGHESE**
96056 21171



EVANGELISM CONVENER
**BR. JOHNSON JOY**
95391 95485



സി.എ. പ്രസിഡന്റിന്റെ
## സന്ദേശം



പ്രിയ സഹോദരങ്ങളേ,

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിന്റെ യുവജന പ്രസ്ഥാനമായ ക്രൈസ്റ്റ്സ് അംബാസഡേഴ്സ് (C.A.) ആരംഭിച്ചിട്ട് 75 വർഷം പൂർത്തിയാകുകയാണ്. ദൈവനിയോഗത്താൽ ആരംഭിച്ച ഈ പ്രസ്ഥാനം യുവജനങ്ങളെ ദൈവത്തിലേക്കും പരിശുദ്ധാത്മ നിറവിലേക്കും മടക്കികൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ 2026 ൽ ക്രൈസ്റ്റ്സ് അംബാസഡേഴ്സ് പ്ലാറ്റിനം ജൂബിലി വിവിധ ആത്മീക പ്രവർത്തനങ്ങളോടെ ആഘോഷിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

നമ്മുടെ യുവജനങ്ങൾ ദൈവവചന പരിജ്ഞാനം പ്രാപിച്ച് ദൈവവചനത്തിൽ വേരൂന്നി അടിസ്ഥാനമുള്ളവരും പരിശുദ്ധാത്മാവിന്റെ നിറവുള്ളവരാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനായി 'Back to the word and the Holy spirit' എന്ന ആപ്തവാക്യം മുറുകെ പിടിച്ച് നമുക്ക് ഒരുമിച്ച് നിന്ന് ദൈവപ്രവർത്തിക്ക് കൈകോർക്കാം.

ഈ പ്രാവശ്യം നമ്മുടെ ക്യാമ്പുകൾ മേഖല തിരിച്ച്: ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 25-ാം തീയതി വരെ മദ്ധ്യ മേഖലയിലും, 25-ാം തീയതി വൈകുന്നേരം മുതൽ 27-ാം തീയതി വരെ ഉത്തരമേഖലയിലും, 27-ാം തീയതി വൈകുന്നരം മുതൽ 29-ാം തീയതി വരെ ദക്ഷിണ മേഖലയിലും നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ ക്യാമ്പുകളിൽ വരുവാൻ ഞങ്ങൾ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

സ്നേഹത്തോടെ,
PRESIDENT
PR. SAM ROBINSON

# 2026–2027 ലെ സി. എ. സർക്കുലർ

## പ്രതിഭ 2026 (താലന്ത് പരിശോധന)

ഡിസ്ട്രിക്ട് താലന്ത് പരിശോധന 2026 നവംബർ 28 ശനി രാവിലെ 9 മണി മുതൽ പുനലൂർ, ബെഥേൽ ബൈബിൾ കോളേജിന്റെ ആഡിറ്റോറിയത്തിലും മേഖല താലന്ത് പരിശോധന 2026 ഒക്ടോബർ 20 ചൊവ്വാഴ്ച രാവിലെ 8.30 മണി മുതൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലും നടക്കുന്നതാണ്

| | |
|---|---|
| ഉത്തരമേഖല | പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം, പെരുമ്പാവൂർ |
| മദ്ധ്യമേഖല | ബെഥേൽ ഏ.ജി.ചർച്ച്, കുറ്റപ്പുഴ, തിരുവല്ല |
| ദക്ഷിണമേഖല | എ. എം. എച്ച്. എസ്സ്. എസ്സ് സ്കൂൾ, തിരുമല |

### പ്രതിഭ 2026 പൊതുനിയമങ്ങൾ

- പ്രാദേശിക സഭകളിലുള്ള സി. എ. യിൽ അംഗങ്ങളായ 14 മുതൽ 40 വയസ്സു വരെ പ്രായമുള്ളവർക്കാണ് (01.01.1985 മുതൽ 31.12.2011 വരെ ജനിച്ചവർ) താലന്ത് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത ഉള്ളത്. 2026 ജനുവരി 1 നുള്ളിൽ പൂർത്തിയായ വയസ്സ് പ്രകാരമാണ് പ്രായം കണക്കാക്കേണ്ടത്.
- വ്യക്തിഗത മത്സരങ്ങൾ മൂന്നു വിഭാഗങ്ങളിലായി നടത്തപ്പെടുന്നതാണ്

| | |
|---|---|
| സബ് ജൂനിയർ 14 മുതൽ 20 വയസ്സ് വരെ | (01.01.2005 മുതൽ 31.12.2011 വരെ ജനിച്ചവർ) |
| ജൂനിയർ 21 മുതൽ 30 വയസ്സ് വരെ | (01.01.1995 മുതൽ 31.12.2004 വരെ ജനിച്ചവർ) |
| സീനിയർ 31 മുതൽ 40 വയസ്സ് വരെ | (01.01.1985 മുതൽ 31.12.1994 വരെ ജനിച്ചവർ) |

- വ്യക്തിഗത ഇനങ്ങളിൽ സഭാ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സെക്ഷൻ തലത്തിലും, സെക്ഷനിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് മേഖലാതലത്തിലും, മേഖലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് ഡിസ്ട്രിക്ട് തലത്തിലും മത്സരിക്കാവുന്നതാണ്.

- **സംഘഇനങ്ങളിൽ** ഓരോ സംഘഇനങ്ങളിലും സഭാതലത്തിൽ നിന്നും ഒരു സംഘം മാത്രമേ സെക്ഷൻ തലത്തിൽ പങ്കെടുക്കാവൂ. സെക്ഷൻ തലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മേഖലയിലും മേഖലാ തലത്തിൽ **ഒന്നും രണ്ടും മൂന്നും സ്ഥാനം** നേടുന്നവർക്ക് ഡിസ്ട്രിക്ട് തലത്തിലും മത്സരിക്കാവുന്നതാണ്.
- സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് തലങ്ങളിൽ **ഓരോ സ്ഥാനങ്ങളിലും** ഒരു തലത്തിൽ നിന്നും അടുത്ത തലത്തിലേക്ക് വ്യക്തിഗത ഇനങ്ങളിൽ ഒരാൾ വീതവും സംഘ ഇനങ്ങളിൽ ഒരു സംഘവും മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. (ഒന്നിലധികം ഫസ്റ്റ്, സെക്കന്റ്, തേർഡ് ഉണ്ടാകാൻ പാടില്ല)
- വ്യക്തിഗതയിനങ്ങളിലും ഗ്രൂപ്പിനങ്ങളിലും പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികളും പ്രാദേശിക സഭയിലെ സി. എ. അംഗങ്ങളായിരിക്കുകയും FIND ME രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആയിരിക്കണം
- ഒരു പ്രാദേശിക സി. എ. അംഗം ഒരു വർഷം നടക്കുന്ന താലന്ത് മത്സരങ്ങളിൽ ഏതെങ്കിലും ഒരു സഭയെ മാത്രമേ പ്രതിനിധീകരിക്കാൻ പാടുള്ളൂ. അല്ലാത്ത പക്ഷം അവരെ അയോഗ്യരാക്കുന്നതാണ്.
- മത്സരങ്ങളിൽ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും. മേഖല ഡിസ്ട്രിക്ട് തലങ്ങളിലുള്ള താലന്ത് മത്സര ങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതിയോ തർക്കമോ ഉണ്ടായാൽ ഡിസ്ട്രിക്ട് സി. എ. കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.
- സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് എന്നീ തലങ്ങളിലെ താലന്തു പരിശോധനകൾ ഈ സർക്കുലർ പ്രകാരമാണ് നടത്തേണ്ടത്.
- സഭാശുശ്രൂഷകരായ സി. എ. അംഗങ്ങൾ പ്രതിഭ 2026ൽ മത്സരാർത്ഥികളായി പങ്കെടുക്കാൻ പാടില്ല.
- സെക്ഷൻ തല വിജയികളുടെ ലിസ്റ്റ് **2026 ഒക്ടോബർ 10-ാം തീയതി** ഡിസ്ട്രിക്ട് സി.എ. കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.
- ഡിസ്ട്രിക്ട് തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവരെ ഡിസ്ട്രിക്ട് സി. എ. അനുമോദിക്കുന്നതാണ്.
- വ്യക്തിഗത ഇനങ്ങളിൽ ഒന്ന്, രണ്ട് സ്ഥാനങ്ങളിൽ (പ്രാദേശിക, സെക്ഷൻ തലങ്ങളിൽ) വിജയികളാകുന്നവർക്ക് യഥാക്രമം 5, 3 പോയിന്റു വീതവും, ഗ്രൂപ്പിനങ്ങൾക്ക് ഒന്ന്, രണ്ട് സ്ഥാനങ്ങളിൽ (പ്രാദേശിക, സെക്ഷൻ തലങ്ങളിൽ) വിജയികളാകുന്ന ടീമിന് 7, 5 പോയിന്റ് വീതവും ലഭിക്കുന്നതാണ്. വ്യക്തിഗത ഇനങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ (മേഖല, ഡിസ്ട്രിക്ട്) തലങ്ങളിൽ വിജയികളാകുന്നവർക്ക് യഥാക്രമം 5, 3, 1 പോയിന്റ് വീതവും ഗ്രൂപ്പിനങ്ങൾ (മേഖല, ഡിസ്ട്രിക്ട്) തലങ്ങളിൽ വിജയികളാകുന്ന ടീമിന് 7, 5, 3 പോയിന്റ് വീതവും ലഭിക്കുന്നതാണ്. ഗ്രൂപ്പിനങ്ങളിൽ വിജയിച്ച ടീമംഗങ്ങൾക്ക് പ്രത്യേകം പോയിന്റില്ല. ഈ പോയിന്റ് ക്രമം സഭാതലം മുതൽ സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് തലങ്ങളിലും ബാധകമായിരിക്കും.
- പ്രതിഭ 2026 നടത്തുന്നതിനുള്ള ഫോമുകൾ സ്കോർ ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, ജഡ്ജസിനുള്ള മാർക്ക് ഷീറ്റ് തുടങ്ങിയവ സി. എ. യുടെ https://ca.agmdc.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെ ടുക്കാവുന്നതാണ്. സെക്ഷൻ മത്സരവിജയികളുടെ പേരുവിവരം ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിക്ക് നൽകുന്നത് ഈ നിർദ്ദിഷ്ട ഫോമിൽ തന്നെ ആയിരിക്കണം. സി. എ. യുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അപ്ഡേറ്റുകൾ സി. എ. യുടെ ഈ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

## പ്രതിഭ 2026 വ്യക്തിഗതയിനങ്ങൾക്കുള്ള നിബന്ധനകൾ

### ലളിതഗാനം (മലയാളം)

- ആൺ/പെൺ വിഭാഗങ്ങൾക്ക് പ്രത്യേകം
- പരമാവധി സമയം 3 മിനിട്ട്
- ശാസ്ത്രീയ സംഗീതം അനുവദനീയമല്ല

### ഇംഗ്ലീഷ് ഗാനം

- ആൺ/പെൺ വിഭാഗങ്ങൾക്ക് പ്രത്യേകം
- പരമാവധി സമയം 3 മിനിട്ട്

- ലളിതഗാനത്തിനും ഇംഗ്ലീഷ് ഗാനത്തിനും പാട്ട് നോക്കി പാടാൻ പാടില്ല. ലളിതഗാനം 3 മിനിട്ടിനു ശേഷം പാടുന്നവരും നോക്കി പാടുന്നവരും അയോഗ്യരാകുന്നതാണ്

### പ്രസംഗ മത്സരം

- ഇംഗ്ലീഷിലോ മലയാളത്തിലോ പ്രസംഗിക്കാവുന്നതാണ്.
- പരമാവധി സമയം 5 മിനിട്ട്. പ്രസംഗം തുടങ്ങി 4.30 മിനിട്ട് ആകുമ്പോൾ വാർണിംഗ് ബെൽ നൽകുന്നതും 5 മിനിട്ടിൽ ഫൈനൽ ബെൽ നൽകുന്നതുമാണ്. അതിനു ശേഷം പ്രസംഗിക്കുന്നവരെ അയോഗ്യരാക്കുന്നതാണ്.
- പ്രസംഗത്തിനു മൈക്ക് അനുവദിക്കുന്നതല്ല
- ഓരോ ഗ്രേഡുകാർക്കും 5 വിഷയങ്ങൾ വീതം സർക്കുലറിൽ നൽകിയിട്ടുണ്ട്. അതിൽ നിന്നും പ്രസംഗ മത്സരം ആരംഭിക്കുന്നതിന് മുൻപ് നറുക്കിട്ടെടുക്കുന്ന വിഷയം ആണ് മത്സരാർഥികൾ പ്രസംഗിക്കേണ്ടത്.
- സബ് ജൂനിയർ, ജൂനിയർ, സീനിയർ എല്ലാവിഭാഗക്കാർക്കും ഈ നിയമം ബാധകമായിരിക്കും
- പ്രസംഗം തയ്യാറാക്കാൻ സഹായ ഗ്രന്ഥങ്ങളും ഡിജിറ്റൽ ഉപകരണങ്ങളും അനുവദനീയമല്ല.
- നേരത്തെ തയ്യാറാക്കികൊണ്ടുവരുന്ന പ്രസംഗക്കുറിപ്പുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

- സംഘാടകർ നൽകുന്ന ബൈബിൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
മുഖവുര, ബൈബിൾ ഉദ്ധരണികൾ, ഉപസംഹാരം എന്നിവ പ്രത്യേകം വിലയിരുത്തപ്പെടും.

## വിഷയങ്ങൾ

### സബ് - ജൂനിയർ

1. വാഗ്ദത്തം (Promise) 2. വിശുദ്ധി (Holiness) 3. ദൈവീക സമാധാനം (The Peace of God)
4. ആരാധന (Worship) 5. രക്ഷ (Salvation)

### ജൂനിയർ

1 പ്രാർത്ഥനയുടെ ശക്തി (The power of prayer) 2. വിളിയും തിരഞ്ഞെടുപ്പും (Calling & Election) 3 വിശ്വാസവും അനുസരണവും (Faith and Obedience) 4. സത്യത്തിൽ നടക്കുക (Walking in the Truth)
5 ദൈവഭയമുള്ള ജീവിതം (God fearing life)

### സീനിയർ

1 യഹോവയുടെ നാൾ (The day of the Lord) 2. ക്രിസ്തീയ ജീവിതത്തിലെ ശിഷ്യത്വം (Discipleship in the Christian life) 3. നീതീകരണം: ന്യായപ്രമാണത്തിലൂടെയും ക്രിസ്തുവിലൂടെയും (Justification: by law and through Christ) 4. സുവിശേഷത്തിന്റെ ശക്തി (The power of the Gospel) 5. സഭയും ക്രിസ്തുവിന്റെ ശരീരവും (Church and the body of Christ)

### വാക്യമെഴുത്ത് മലയാളം / വാക്യമെഴുത്ത് ഇംഗ്ലീഷ്

- **പരമാവധി സമയം 20 മിനിട്ട്** ഈ സമയത്തിനുള്ളിൽ പഠനത്തിനായി നൽകിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ വാക്യങ്ങൾ എഴുതുന്നവരാണ് വിജയികളാകുന്നത്.
- ഇംഗ്ലീഷ് വാക്യമത്സരവും മലയാളം വാക്യമത്സരവും പ്രത്യേക ഇനമായിട്ടായിരിക്കും നടക്കുന്നത്. ഇംഗ്ലീഷിൽ എഴുതുന്നവർ (NIV) പരിഭാഷ 2011 ഉം, മലയാളത്തിൽ എഴുതുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ (BSI) പരിഭാഷയും ഉപയോഗിക്കേണ്ടതാണ്. ഒരു മത്സരാർത്ഥി ഇംഗ്ലീഷിലോ, മലയാളത്തിലോ ഉള്ള വാക്യമത്സരങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ പങ്കെടുക്കാവൂ.
- പഠിക്കേണ്ട പുസ്തകങ്ങൾ : സംഖ്യാപുസ്തകം (Numbers) 2 ശമുവേൽ (2 Samuel) യോഹന്നാൻ (Gospel of John )
- പേരുകൾ മാത്രമുള്ളത് വാക്യമായി പരിഗണിക്കില്ല. ഒരേ പോലുള്ള വാക്യങ്ങൾ ആവർത്തിച്ചെഴുതാൻ പാടില്ല. ആവർത്തിച്ചെഴുതിയാലും ഒരെണ്ണത്തിനു മാത്രമേ മാർക്ക് നൽകുകയുള്ളൂ.
- സെമി കോളൻ, ഫുൾസ്റ്റോപ്പ് ഇവ കൃത്യമായി ഇട്ടിരിക്കണം. അപൂർണ്ണമായ വാക്യങ്ങളും. റഫറൻസുകളും മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
- എഴുതുന്ന ഓരോ വാക്യത്തിനും കൃത്യമായ ക്രമനമ്പരും, റഫറൻസും ഉണ്ടായിരിക്കണം. റഫറൻസ് ചുവടെ ചേർത്തിരിക്കുന്നതു പോലെ പൂർണ്ണമായി തന്നെ എഴുതണം. ഉദാ: മലയാളത്തിൽ 1. സംഖ്യാപുസ്തകം 1:8, 2. 2ശമുവേൽ, 2:8, 3. യോഹന്നാൻ 3:6, ഇംഗ്ലീഷിൽ 1. Numbers 1:8, 2. 2 Samuel 2:8, 3. John 3:6
- മൂല്യനിർണ്ണയം ചെയ്യുന്ന വ്യക്തിക്ക് വായിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം വാക്യങ്ങൾ

### ഉപന്യാസ രചന

- **പരമാവധി സമയം 20 മിനിട്ട്**
- തത്സമയം നൽകുന്ന ബൈബിൾ അധിഷ്ടിത വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചന നടത്തേണ്ടതാണ്.
- ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.
- മുഖവുര, വിഷയാവതരണം, സാന്ദർഭികമായ ഉദ്ധരണികൾ, ആശയാവിഷ്കരണം, ഉപസംഹാരം എന്നിവ മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതാണ്.

### കവിതാരചന

- **പരമാവധി സമയം 20 മിനിട്ട്**
- തത്സമയം നൽകുന്ന ബൈബിൾ അധിഷ്ടിത വിഷയത്തെ ആസ്പദമാക്കി കവിതാ രചന നടത്തേണ്ടതാണ്.
- കവിതാരചന മലയാളത്തിലായിരിക്കണം.

### ബൈബിൾ ചിത്രരചന

- **പരമാവധി സമയം 20 മിനിട്ട്**
- തത്സമയം നൽകുന്ന ബൈബിൾ അധിഷ്ടിത വിഷയത്തെ കേന്ദ്രമാക്കി പെൻസിൽ മാത്രം ഉപയോഗിച്ച് ചിത്രം വരയ്ക്കേണ്ടതാണ്.
- ഡ്രോയിംഗിനുള്ള പെൻസിൽ, റബ്ബർ എന്നിവ മത്സരാർത്ഥികൾ തന്നെ കൊണ്ടു വരേണ്ടതാണ്.

# പ്രതിഭ 2026 സംഘ ഇനങ്ങൾക്കുള്ള നിബന്ധനകൾ

(പൊതുവായ ഇനങ്ങൾ, സബ് ജൂനിയർ, ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ)

## സമൂഹഗാനം (ഉപകരണങ്ങൾ ഇല്ലാതെ) (Group song without instruments)

- പരമാവധി സമയം 5 മിനിട്ട്. പാട്ട് പാടിത്തുടങ്ങുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. 5 മിനിട്ട് കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- മലയാളഗാനം മാത്രമേ അനുവദിക്കുകയുള്ളു. പാട്ടുകൾ നോക്കി പാടാൻ പാടുള്ളതല്ല. അങ്ങനെ ചെയ്താൽആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- 3 പേരിൽ കുറയാത്തതും 8 പേരിൽ കവിയാത്തതുമായ ഒരു സംഘം ആയിരിക്കണം.



## ഉപകരണങ്ങളോടു കൂടെയുള്ള സമൂഹഗാനം (Group song with instruments)

- സെറ്റിംഗ്സ് ഉൾപ്പെടെ പരമാവധി സമയം 9 മിനിട്ട്. പേര്/ചെസ്റ്റ് നമ്പർ വിളിക്കുമ്പോൾ ടീമിൽ നിന്നുള്ള ആദ്യത്തെ ആൾ സ്റ്റേജിലേക്ക് കയറുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. 9 മിനിട്ട് കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- മലയാള ഗാനം മാത്രമേ അനുവദിക്കുകയുള്ളൂ.
- 5 പേരിൽ കുറയാത്തതും 10 പേരിൽ കവിയാത്തതുമായ ഒരു സംഘം ആയിരിക്കണം.
- വ്യത്യസ്തമായുള്ള 3 സംഗീത ഉപകരണങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.
- സംഗീത ഉപകരണങ്ങൾ മാനുവൽ ആയി തന്നെ വായിക്കേണ്ടതാണ്. ശ്രുതിപ്പെട്ടി ഉൾപ്പെടെ ഒരു തരത്തിലുള്ള റെക്കോർഡ് ചെയ്ത മ്യൂസിക്കും അനുവദിക്കുന്നതല്ല.
- മൈക്ക് സിസ്റ്റം സ്വന്തമായി നിയന്ത്രിക്കാവുന്നതാണ്. മത്സരം ആരംഭിച്ചു കഴിഞ്ഞാൽ മൈക്ക് സിസ്റ്റം നിയന്ത്രിക്കുന്നത് അനുവദിക്കുന്നതല്ല.
- പുറത്തുനിന്നുള്ളവർ സ്റ്റേജിൽ കയറി ഇൻസ്ട്രുമെന്റ്സ് സെറ്റ് ചെയ്യാൻ പാടുള്ളതല്ല, അങ്ങനെ കയറുന്ന പക്ഷം ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- പാട്ടുകൾ നോക്കി പാടാൻ പാടുള്ളതല്ല. അങ്ങനെ ചെയ്താൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്

## ഉപകരണസംഗീതം (Instrumental Music)



- സെറ്റിംഗ്സ് ഉൾപ്പെടെ പരമാവധി സമയം 9 മിനിട്ട്. പേര്/ചെസ്റ്റ് നമ്പർ വിളിക്കുമ്പോൾ ടീമിൽ നിന്നുള്ള ആദ്യത്തെ ആൾ സ്റ്റേജിലേക്ക് കയറുമ്പോൾ സമയം കണക്കാക്കി തുടങ്ങുന്നതാണ്. പരമാവധി സമയം (9 മിനിട്ട്) കഴിഞ്ഞാൽ ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.
- പരമാവധി 8 അംഗങ്ങൾക്ക് പങ്കെടുക്കാം
- വ്യത്യസ്തമായുള്ള 4 സംഗീത ഉപകരണങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.
- സി. എ. കമ്മിറ്റി ചുവടെ നിർദ്ദേശിച്ചിട്ടുള്ള 2 ഗാനങ്ങളിൽ ഒരെണ്ണം നറുക്കിട്ടെടുത്ത് മത്സരത്തിനു മുമ്പ് നൽകുന്നതാണ്. നറുക്കിലൂടെ ലഭിക്കുന്ന ഗാനം ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് വായിക്കേണ്ടതാണ്.
- ഉപകരണങ്ങൾ മാനുവൽ ആയി തന്നെ വായിക്കേണ്ടതാണ്. റെക്കോർഡ് ചെയ്ത മ്യൂസിക് / റിഥം എന്നിവ അനുവദനീയമല്ല.
- ടീമംഗങ്ങളല്ലാത്തവർ സ്റ്റേജിൽ കയറി ഇൻസ്ട്രുമെന്റ്സ് സെറ്റ് ചെയ്യാൻ പാടുള്ളതല്ല, അങ്ങനെ കയറുന്ന പക്ഷം ആ ടീമിനെ അയോഗ്യരാക്കുന്നതാണ്.

### ഗാനങ്ങൾ

1. വാഴ്ത്തുന്നേ എന്നേശുരാജനെ....സർവ്വകാലവും.......
2. രാവിലും പകലിലും കൈനിഴലായ് നിന്ന്......
പരിധികൾ ഇല്ലാതെ....പരിപാലിച്ചതോർത്താൽ....

Link for Songs

## മെഗാ ബൈബിൾ ക്വിസ്സ് 2026



**പഠിക്കേണ്ട പുസ്തകങ്ങൾ :**

- സംഖ്യാപുസ്തകം (Numbers) • 2 ശമുവേൽ (2 Samuel) • യോഹന്നാൻ (Gospel of John)

**തീയതിയും സമയവും**

- സഭാതല മത്സരം 2026 സെപ്റ്റംബർ 27 ഞായർ 4 PM മുതൽ 5 PM വരെ
- സെക്ഷൻ തല മത്സരം 2026 ഒക്ടോബർ 18 ഞായർ 4 PM മുതൽ 5 PM വരെ
- മേഖല മത്സരം 2026 നവംബർ 7 ശനിയാഴ്ചയും ഡിസ്ട്രിക്ട് മത്സരം 2026 നവംബർ 21 ശനിയാഴ്ചയും നടത്തുന്നതാണ്.

## മെഗാ ബൈബിൾ ക്വിസ്സ് : മറ്റു നിബന്ധനകൾ

- സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ (41 വയസ്സു മുതൽ) എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് മെഗാ ബൈബിൾ ക്വിസ്സ് മത്സരം നടത്തുന്നത്.
- എല്ലാ വിഭാഗങ്ങൾക്കും ആളൊന്നിന് 200 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- പ്രാദേശിക സഭയിൽ മത്സരിക്കുന്നവർ പേരും രജിസ്ട്രേഷൻ ഫീസും 2026 ആഗസ്റ്റ് 17നകം സെക്ഷൻ സി.എ. കമ്മിറ്റി മുഖേന ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.
- പ്രാദേശിക സഭ, സെക്ഷൻ, മേഖല, ഡിസ്ട്രിക്ട് എന്നീ തലങ്ങളിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ ഓരോ തലത്തിലും ചോദ്യോത്തര രീതി വിഭിന്നമായിരിക്കും.
- ചോദ്യങ്ങൾ മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങൾ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ പരിഭാഷ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

ഒന്നാം സമ്മാനം ₹20,000 *ട്രോഫി

രണ്ടാം സമ്മാനം ₹10,000 *ട്രോഫി

മൂന്നാം സമ്മാനം ₹5,000 *ട്രോഫി

## മെഗാ ബൈബിൾ ക്വിസ്സ് സമ്മാനങ്ങൾ

ഡിസ്ട്രിക്ട് തലത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ₹20,000, രണ്ടാം സ്ഥാനക്കാർക്ക് ₹ 10,000, മൂന്നാം സ്ഥാനക്കാർക്ക് ₹ 5,000 എന്നീ നിരക്കിൽ ക്യാഷ് പ്രൈസും ട്രോഫിയും നൽകുന്നതാണ്. ഡിസ്ട്രിക്ട് തലത്തിൽ എത്തുന്ന എല്ലാ മത്സരാർത്ഥികൾക്കും ₹ 1,000 ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്

## ഡിസ്ട്രിക്ട് സി. എ. മേഖല ക്യാമ്പ് 2026

ദൈവഹിതമായാൽ ഈ പ്രാവശ്യത്തെ ഡിസ്ട്രിക്ട് സി. എ. ക്യാമ്പ് മേഖലകളായി തിരിച്ച് ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 25-ാം തീയതി വരെ മദ്ധ്യ മേഖലയിലും, 25-ാം തീയതി വൈകുന്നേരം മുതൽ 27-ാം തീയതി വരെ ഉത്തരമേഖലയിലും 27-ാം തീയതി വൈകുന്നരം മുതൽ 29-ാം തീയതി വരെ ദക്ഷിണ മേഖലയിലും നടത്തുവാൻ ആഗ്രഹിക്കുന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## പ്ലക്കാർഡ് ഇവാഞ്ചലിസം

റോഡരികിലും, ജംഗ്ഷനുകളിലും ദൈവവചനങ്ങളെഴുതിയ പ്ലക്കാർഡുകൾ പിടിച്ചു നിന്നു കൊണ്ട് സുവിശേഷം അറിയിക്കുന്ന പ്രവർത്തനമാണ് പ്ലക്കാർഡ് ഇവാഞ്ചലിസം. ഇപ്രകാരം ഏതെങ്കിലും സഭയ്ക്കോ, സെക്ഷനോ നടത്തുവാൻ താല്പര്യമുണ്ടെങ്കിൽ ഡിസ്ട്രിക്ട് സി. എ. ഇവാഞ്ചലിസം കൺവീനർ ബ്രദർ ജോൺസൻ ജോയിയെ (ഫോൺ : 9539195485) ബന്ധപ്പെടേണ്ടതാണ്.

## എസ്.എസ്.എൽ.സി. / പ്ലസ്, ടു, അവാർഡ്

2025 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. / പ്ലസ്. ടു. / തത്തുല്യ പരീക്ഷകളിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ച സി. എ. അംഗങ്ങൾക്ക് ഡിസ്ട്രിക്ട് സി. എ. ക്യാഷ് അവാർഡ് നൽകുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ തങ്ങളുടെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഭാശുശ്രൂഷകന്റെ ശുപാർശയോടൊപ്പം 2025 സെപ്റ്റംബർ 30നു മുമ്പ് ലഭിക്കത്തക്കവിധം ഡിസ്ട്രിക്ട് സി. എ. പ്രസിഡന്റിന്റെ പേർക്ക് അയച്ചു തരേണ്ടതാണ്.

വിലാസം: പാസ്റ്റർ സാം റോബിൻസൻ, ക്രൈസ്റ്റ്സ് അംബാസഡേഴ്സ് അസംബ്ലീസ് ഓഫ് ഗോഡ്
ഹെഡ് ഓഫീസ്, പോസ്റ്റ് ബോക്സ് നമ്പർ 53, പുനലൂർ, കൊല്ലം 691305
e-mail: prsamrobinson@gmail.com

കഴിഞ്ഞ നാളുകളിൽ സി. എപ്രവർത്തനങ്ങളിൽ സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു. തുടർന്നും ഏവരുടേയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

ഡിസ്ട്രിക്ട് സി. എ. കമ്മിറ്റിയ്ക്കുവേണ്ടി,

Pr. പവീൻ എസ്. ജോർജ്
(സെക്രട്ടറി)

കൊട്ടാരക്കര,
12.07.2026

ASSEMBLIES OF GOD

A. G. CHRIST'S AMBASSADORS · CHRIST FOR ALL & ALL FOR CHRIST

CHRIST'S AMBASSADORS

# Regional CAMP

## 2026 August 23-29

## CENTRAL REGION

(**August 23** Sunday evening to
**August 25** Tuesday Afternoon)
Mount Olive Counselling Centre,
Muttumon-Pullad, Kumbanad

## NORTHERN REGION

(**August 25** Tuesday evening to
**August 27** Thursday Afternoon)
Assisi Shanthi Kendra Ashram
of Mcon Provincial House.
Karukutty, Angamaly

## SOUTHERN REGION

(**August 27** Thursday evening to
**August 29** Saturday Evening)
Immanuel College, Vazhichal

abel #8590359758

പ്രാദേശിക സഭാതലം മുതൽ ഡിസ്ട്രിക്ട് വരെയുള്ള എല്ലാ മത്സരങ്ങൾക്കും
ഈ സർക്കുലറിലെ നിയമങ്ങൾ വായിച്ചു കേൾപ്പിക്കേണ്ടതാണ്.